പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 16

# 2026-ലെ കേരള വിനോദസഞ്ചാര അവകാശ സംരക്ഷണവും സേവന നിയന്ത്രണവും ബിൽ

(ശ്രീമതി കെ. കെ. രമ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 16

# 2026-ലെ കേരള വിനോദസഞ്ചാര അവകാശ സംരക്ഷണവും സേവന നിയന്ത്രണവും ബിൽ

(ശ്രീമതി കെ. കെ. രമ, എം.എൽ.എ. നോട്ടീസ് നൽകിയത്)

1332/2026.

പതിനാറാം കേരളനിയമസഭ
ബിൽ നമ്പർ 16

# 2026-ലെ കേരള വിനോദസഞ്ചാര അവകാശ സംരക്ഷണവും സേവന നിയന്ത്രണവും ബിൽ

(ശ്രീമതി കെ. കെ. രമ, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരളത്തിൽ എത്തുന്ന ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും, ടൂറിസം മേഖലയിലെ അമിത നിരക്ക് ഈടാക്കൽ, സഞ്ചാരികളെ നിയമവിരുദ്ധ വാണിഭങ്ങളിൽ കുടുക്കൽ, തെറ്റായ വിവരങ്ങൾ നൽകി കബളിപ്പിക്കൽ തുടങ്ങിയ തെറ്റായ പ്രവണതകൾ തടയുന്നതിനും, സഞ്ചാരികൾക്കായി ഒരു സഞ്ചാരി സൗഹൃദ പരാതി പരിഹാര സംവിധാനം രൂപീകരിക്കുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ.

പീഠിക.—കേരളത്തിൽ എത്തുന്ന ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും, ടൂറിസം മേഖലയിലെ അമിത നിരക്ക് ഈടാക്കൽ, സഞ്ചാരികളെ നിയമവിരുദ്ധ വാണിഭങ്ങളിൽ കുടുക്കൽ, തെറ്റായ വിവരങ്ങൾ നൽകി കബളിപ്പിക്കൽ തുടങ്ങിയ തെറ്റായ പ്രവണതകൾ തടയുന്നതിനും, സഞ്ചാരികൾക്കായി ഒരു സഞ്ചാരി സൗഹൃദ പരാതി പരിഹാര സംവിധാനം രൂപീകരിക്കുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

# അദ്ധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.—(1) ഈ ആക്ടിന് 2026-ലെ കേരള വിനോദസഞ്ചാര അവകാശ സംരക്ഷണവും സേവന നിയന്ത്രണവും ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(3) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കും.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) . "വിനോദസഞ്ചാര കേന്ദ്രങ്ങൾ" എന്നാൽ പ്രകൃതിഭംഗി, ചരിത്രപ്രാധാന്യം അല്ലെങ്കിൽ സാംസ്കാരിക മൂല്യം എന്നിവയാൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതോ ശാരീരിക മാനസികോല്ലാസത്തിനോ പഠനാർത്ഥമോ സഞ്ചാരികൾ എത്തിച്ചേരുന്നതോ സമയം ചെലവഴിക്കുന്നതോ ഹ്രസ്വകാലത്തേക്ക് താമസിക്കുന്നതോ ആയ കേന്ദ്രം എന്നർത്ഥമാകുന്നു.

(ബി). "വിവരം" എന്നാൽ പാക്കേജുകളുടെ ഉള്ളടക്കം, പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള സേവനങ്ങൾ (ഭക്ഷണം, താമസം, പാർക്കിംഗ്, പ്രവേശന കവാടങ്ങളിലെ ഫീസ് തുടങ്ങിയവ) ഏതൊക്കെയെന്നും ഉൾപ്പെടാത്തവ (Exclusions), പ്രദേശത്തെ പ്രത്യേകതകൾ, നിയമപരമായ മുന്നറിയിപ്പുകൾ, കാലാവസ്ഥാ മുന്നറിയിപ്പുകൾ, മറ്റ് അധിക ചെലവുകൾ എന്നിവ ടൂറിസ്റ്റ് ഏജൻസികൾ രേഖാമൂലം സഞ്ചാരികൾക്ക് നൽകിയിരിക്കേണ്ട വിവരം എന്നർത്ഥമാകുന്നു.

(സി). "ടൂർ പാക്കേജ്" എന്നാൽ യാത്ര, താമസം, ഭക്ഷണം, സന്ദർശിക്കേണ്ട സ്ഥലങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു നിശ്ചിത നിരക്കിൽ ട്രാവൽ ഏജൻസികൾ തയ്യാറാക്കുന്ന മുൻകൂട്ടി പ്ലാൻ ചെയ്ത യാത്രാ പദ്ധതി എന്നർത്ഥമാകുന്നു.

(ഡി). "പരാതി പരിഹാര അതോറിറ്റി" എന്നാൽ, ഈ ആക്റ്റിലെ പത്താം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന അതോറിറ്റി എന്നർത്ഥമാകുന്നു.

(ഇ). "അമിത നിരക്ക്" എന്നാൽ ഓരോ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ടൂറിസ്റ്റ് സേവനങ്ങൾക്ക് ഈടാക്കുന്നതിന് കാലാകാലങ്ങളിൽ സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നിർണ്ണയിക്കുന്ന നിരക്കിനേക്കാൾ അധികം ഈടാക്കുന്ന നിരക്ക് എന്നർത്ഥമാകുന്നു.

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന എന്നർത്ഥമാകുന്നു.

## അദ്ധ്യായം-II

## ടൂറിസ്റ്റുകളുടെ അവകാശങ്ങൾ

ഈ നിയമപ്രകാരം ഓരോ സഞ്ചാരിക്കും താഴെ പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്:

3. വില വിവരങ്ങൾ അറിയാനുള്ള അവകാശം.—എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും അനുബന്ധ സ്ഥാപനങ്ങളും, റിസോർട്ടുകളും ഹോട്ടലുകളും, ഹോംസ്റ്റേകളും, ടാക്സികളും, ഹൗസ് ബോട്ടുകളും മറ്റു ടൂറിസ്റ്റ് സേവന ദാതാക്കളും കൃത്യമായ നിരക്കുകൾ പ്രദർശിപ്പിച്ചിട്ടുള്ള സുതാര്യമായ വിലവിവരപ്പട്ടിക പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

4. സുരക്ഷയും സ്വകാര്യതയും.—താമസസ്ഥലങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും മറ്റ് അനുബന്ധ സേവന കേന്ദ്രങ്ങളിലും സഞ്ചാരികൾക്ക് വ്യക്തിഗത സുരക്ഷയ്ക്കും സ്വകാര്യതയ്ക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്.

5. ലിംഗസമത്വവും അന്തസ്സും.—താമസസ്ഥലങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും മറ്റ് അനുബന്ധ സേവന കേന്ദ്രങ്ങളിലും സഞ്ചാരികൾക്ക് തങ്ങളുടെ അന്തസ്സ് സംരക്ഷിക്കപ്പെടുന്നതിനും ലിംഗസമത്വം മാനിക്കപ്പെടുന്നതിനും ഉള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

6. കൃത്യമായ വിവരം ലഭ്യമാക്കൽ.—പാക്കേജുകളുടെ ഉള്ളടക്കം, പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള സേവനങ്ങൾ (ഭക്ഷണം, താമസം, പാർക്കിംഗ്, പ്രവേശന കവാടങ്ങളിലെ ഫീസ് തുടങ്ങിയവ) ഏതൊക്കെയെന്നും ഉൾപ്പെടാത്തവ (Exclusions), പ്രദേശത്തെ പ്രത്യേകതകൾ, നിയമപരമായ മുന്നറിയിപ്പുകൾ, കാലവസ്ഥാ മുന്നറിയിപ്പുകൾ, മറ്റ് അധിക ചിലവുകൾ എന്നിവ ടൂറിസ്റ്റ് ഏജൻസികൾ രേഖാമൂലം സഞ്ചാരികൾക്ക് നൽകിയിരിക്കേണ്ടതാണ്.

7. ചികിത്സാ സൗകര്യം.—അടിയന്തര സാഹചര്യങ്ങളിൽ ഏറ്റവും അടുത്ത ചികിത്സാ സ്ഥാപനത്തിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തൽ, അടിയന്തര ചികിത്സാ മരുന്നുകൾ ലഭ്യമാക്കൽ എന്നിവ ടൂറിസ്റ്റ് ഏജൻസികളുടെ ചുമതല ആയിരിക്കുന്നതാണ്.

എന്നാൽ ഈ ആവശ്യങ്ങളിലേക്ക് സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫീസ് ഇടാക്കുന്നതിന് ഏജൻസികൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

8. റീഫണ്ട് പോളിസി.—ഓൺലൈൻ ബുക്കിംഗ് പ്ലാറ്റ്ഫോമുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, മുൻകൂർ ബുക്കിംഗ് സ്വീകരിക്കുന്ന മറ്റു ടൂറിസ്റ്റ് സേവനങ്ങൾ എന്നിവ വ്യക്തമായ റീഫണ്ട്/ക്യാൻസലേഷൻ പോളിസി ഉപഭോക്താവിന് നൽകിയിരിക്കേണ്ടതാണ്.

സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് പണം തടഞ്ഞു വയ്ക്കുന്നതിനോ പണം നൽകുന്നതിൽ കാലതാമസം വരുത്തുന്നതിനോ പാടുള്ളതല്ല.

9. രജിസ്ട്രേഷൻ.—സോഷ്യൽ മീഡിയ വഴി ടൂർ പാക്കേജുകൾ പ്രമോട്ട് ചെയ്യുന്ന വ്യക്തികളും സ്ഥാപനങ്ങളും ഹോം സ്റ്റേകളും ടൂറിസം വകുപ്പിന്റെ 'ഡിജിറ്റൽ വെരിഫിക്കേഷൻ' പൂർത്തിയാക്കിയിരിക്കേണ്ടതാണ്.

10. സുരക്ഷാ ഇൻഷുറൻസ്.—സാഹസിക ടൂറിസം ഉൾപ്പെടുന്ന പാക്കേജുകളിൽ ടൂറിസ്റ്റുകൾക്ക് നിർബന്ധിത ഇൻഷുറൻസ് പരിരക്ഷ ഏജൻസികൾ ഉറപ്പാക്കേണ്ടതാണ്.

## അദ്ധ്യായം III

## പരാതി പരിഹാര അതോറിറ്റി

11. ജില്ലാ വിനോദ സഞ്ചാര പരാതി പരിഹാര അതോറിറ്റി.—സർക്കാർ ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്കുശേഷം എത്രയും വേഗം സഞ്ചാരികളുടെ പരാതികൾ പരിഹരിക്കുന്നതിനായി “ ജില്ലാ വിനോദ സഞ്ചാര പരാതി പരിഹാര അതോറിറ്റികൾ” രൂപീകരിക്കേണ്ടതാണ്.

12. അതോറിറ്റിയിലെ അംഗങ്ങൾ.—അതോറിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

(എ) ചെയർപേഴ്സൺ: ടൂറിസം മേഖലയിൽ പരിചയമുള്ള റിട്ടയേർഡ് ഐ.എ.എസ് (IAS) ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ജില്ലാ ജഡ്ജി;

(ബി) മെമ്പർ: ടൂറിസ്റ്റ് കേന്ദ്രം നിൽക്കുന്ന പ്രദേശത്തെ നിയമസഭാ സാമാജികൻ അല്ലെങ്കിൽ സാമാജികൻ നിയോഗിക്കുന്ന പ്രതിനിധി;

(സി) മെമ്പർ (ടൂറിസം വിദഗ്ധൻ): ടൂറിസം മേഖലയിൽ 15 വർഷത്തെ പ്രവൃത്തിപരിചയമുള്ള വ്യക്തി;

(ഡി) മെമ്പർ (നിയമ വിദഗ്ധൻ): ഉപഭോക്തൃ നിയമങ്ങളിൽ വൈദഗ്ധ്യമുള്ള സർക്കാർ നിയമിക്കുന്ന ഒരു അഭിഭാഷകൻ;

(ഇ) വനിത സോഷ്യൽ വർക്കർ: ആരോഗ്യ/സാമൂഹിക സേവന രംഗത്ത് കുറഞ്ഞത് 10 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയമുള്ള ഒരു വനിതാ പ്രതിനിധി;

(എഫ്) എക്സ്-ഒഫീഷ്യോ മെമ്പർ: അതത് ജില്ലയിലെ ജില്ലാ പോലീസ് മേധാവി;

(ജി) എക്സ്-ഒഫീഷ്യോ മെമ്പർ: ടൂറിസം വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ;

(എച്ച്) എക്സ്-ഒഫീഷ്യോ മെമ്പർ: ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി.

## അദ്ധ്യായം IV

## വിനോദ സഞ്ചാര പരാതി പരിഹാര അതോറിറ്റിയുടെ സേവന വ്യവസ്ഥകളും ചുമതലകളും അധികാരങ്ങളും

13. അതോറിറ്റിയുടെ ചുമതലകൾ.—(1) അമിത നിരക്ക്, സുരക്ഷ വീഴ്ച , ഹിഡൻ ചാർജ്ജുകൾ ഈടാക്കൽ, സഞ്ചാരികളുടെ മറ്റ് അവകാശങ്ങൾ ഹനിക്കൽ തുടങ്ങിയവ സംബന്ധിച്ച് സഞ്ചാരികളിൽ നിന്ന് പരാതികൾ സ്വീകരിക്കുക.

(2) അതോറിറ്റിക്ക് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി പരാതികളിന്മേൽ 48 മണിക്കൂറിനുള്ളിൽ പ്രാഥമിക നടപടി സ്വീകരിക്കുക.

(3) അനുരഞ്ജന ചർച്ചകൾ: സഞ്ചാരികളും ടൂറിസ്റ്റ് ഏജൻസികളും തമ്മിലുള്ള തർക്കങ്ങളിൽ മധ്യസ്ഥത വഹിക്കുക.

(4) ടൂറിസം സേവനങ്ങളുടെ നിഷേധമോ അമിത നിരക്കോ ബോധ്യപ്പെട്ടാൽ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നഷ്ടപരിഹാരം നിശ്ചയിക്കുക.

(5) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സേവന നിരക്കുകളും റീഫണ്ട് പോളിസിയും പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ മിന്നൽ പരിശോധനകൾ നടത്തുക.

(6) അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുക.

(7) വിനോദസഞ്ചാരികളോട് മോശമായി പെരുമാറുന്നതോ, കമ്മീഷൻ ലക്ഷ്യം വെച്ച് നിർബന്ധപൂർവ്വം ചില സ്ഥാപനങ്ങളിലേക്ക് കൊണ്ടുപോകുന്നതോ ആയ ഡ്രൈവർമാരുടെ ടൂറിസം രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് ശിപാർശ ചെയ്യുക.

(8) ഒരോ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ടാക്സികൾക്കും മറ്റ് വാഹനങ്ങൾക്കും സീസണിലും ഓഫ്-സീസണിലും മാക്സിമം/മിനിമം നിരക്ക് പരിധി (Rate Slab) നിശ്ചയിക്കുന്നതിന് സർക്കാരിലേക്ക് ശിപാർശകൾ നൽകുക.

(9) ശിപാർശകളുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നിരക്കുകൾ അതിലംഘിക്കപ്പെടുന്നില്ല എന്ന ഉറപ്പാക്കൽ.

(10) ടൂറിസ്റ്റ് വാഹനങ്ങളിൽ അംഗീകൃത ഡിജിറ്റൽ മീറ്ററുകൾ നിർബന്ധമാക്കൽ.

(11) റിസോർട്ടുകളുടെയോ ഹോംസ്റ്റേകളുടെയോ യഥാർത്ഥ ചിത്രങ്ങളും സൗകര്യങ്ങളും ഉപയോഗിക്കാതെ എഡിറ്റ് ചെയ്തതോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ ചിത്രങ്ങൾ ഉപയോഗിച്ച് ഓൺലൈൻ ബുക്കിംഗ് നടത്തുന്നതിനെതിരെയും Instagram, Facebook തുടങ്ങിയ സോഷ്യൽ മീഡിയകൾ വഴിയും ഓൺലൈൻ ബുക്കിംഗ് ആപ്പുകൾ വഴിയും (OTAs) പരസ്യങ്ങൾ ചെയ്യുന്നതിനെതിരെയും നടപടി സ്വീകരിക്കൽ.

(12) അംഗീകാരമില്ലാത്ത ഗൈഡുകൾ സഞ്ചാരികളെ നിർബന്ധിച്ച് കടകളിലേക്കോ ഹോട്ടലുകളിലേക്കോ മറ്റു കച്ചവട കേന്ദ്രങ്ങളിലേക്കോ കൊണ്ടുപോകുന്നതിനെതിരെ നടപടി സ്വീകരിക്കൽ.

14. അന്വേഷണ അധികാരം.—ടൂറിസ്റ്റ് കേന്ദ്രങ്ങൾക്കെതിരെയുള്ള പരാതികളിൽ രേഖകൾ പരിശോധിക്കുന്നതിനും പിടിച്ചെടുക്കാനും ബന്ധപ്പെട്ട വ്യക്തികളെ വിളിച്ചു വരുത്തുന്നതിനും അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കും.

അതോറിറ്റിക്ക് ഓൺലൈൻ ബുക്കിംഗ് സൈറ്റുകൾക്കെതിരെയും സോഷ്യൽ മീഡിയ വഴി തട്ടിപ്പ് നടത്തുന്നവർക്കെതിരെയും കേസെടുക്കാൻ അധികാരമുണ്ടാകും.

15. ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.—(1) ചെയർപേഴ്സണിന്റെയും അംഗങ്ങളുടെയും ഭരണകാലാവധി ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്കായിരിക്കും

(2) അതോറിറ്റി അംഗങ്ങൾക്ക് 67 വയസ്സ് പൂർത്തിയായിരിക്കുവാൻ പാടുള്ളതല്ല.

(3) കാലാവധി പൂർത്തിയാക്കിയ അംഗങ്ങളിൽ മികച്ച സേവനം കാഴ്ച വയ്ക്കുന്നു എന്ന് സർക്കാരിന് ബോധ്യപ്പെടുന്ന മറ്റു തരത്തിൽ യോഗ്യതകളുള്ള അത്തരം അംഗങ്ങൾക്ക് ഒരു തവണ കൂടി പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

എന്നാൽ ഇപ്രകാരം പുനർനിയമനം നേടുന്ന അംഗങ്ങൾ വീണ്ടും പുനർനിയമനം നേടുന്നതിന് അർഹരായിരിക്കുന്നതല്ല.

(4) ചെയർപേഴ്സണിനോ അംഗത്തിനോ സർക്കാരിനെ സംബോധന ചെയ്തുകൊണ്ട് സ്വന്തം കൈപ്പടയിൽ എഴുതിനൽകിയ ഒരു രാജിക്കത്ത് മുഖേന ഏതു സമയത്തും തന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(5) രാജി, മരണം, നീക്കം ചെയ്യൽ അല്ലെങ്കിൽ അതുപോലെയുള്ള മറ്റേതെങ്കിലും കാരണങ്ങളാൽ ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ആകസ്മിക ഒഴിവ് ഉണ്ടാകുന്ന പക്ഷം സർക്കാർ അവ നികത്തുവാനുള്ള നിയമനം നടത്തേണ്ടതും അപ്രകാരം നിയമിക്കപ്പെടുന്ന വ്യക്തിക്ക് ആരുടെ സ്ഥാനത്തേക്കാണോ അദ്ദേഹത്തെ നിയമിക്കപ്പെടുന്നത് അയാളുടെ

അവശേഷിക്കുന്ന ഔദ്യോഗിക കാലയളവിലേക്ക് മാത്രം ഉദ്യോഗം വഹിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

(6) ഗുരുതരമായ പെരുമാറ്റദൂഷ്യം, അഴിമതി അല്ലെങ്കിൽ ചുമതലകൾ നിർവഹിക്കുന്നതിലെ പരാജയം എന്നിവ തെളിവുകൾ സഹിതം ബോധ്യപ്പെടുന്ന പക്ഷം അംഗങ്ങളെ കാലാവധിക്കു മുൻപ് നീക്കം ചെയ്യുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

16. റിപ്പോർട്ടിംഗ്.—അതോറിറ്റി ഓരോ മൂന്ന് മാസം കൂടുമ്പോഴും തങ്ങൾക്ക് ലഭിച്ച പരാതികളുടെയും തീർപ്പാക്കിയ കേസുകളുടെയും റിപ്പോർട്ട് സംസ്ഥാന സർക്കാരിനും നിയമസഭയ്ക്കും സമർപ്പിക്കേണ്ടതാണ്.

17. ശിക്ഷാ നടപടികൾ.—ഈ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ടൂറിസം കേന്ദ്രങ്ങൾക്ക് കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനത്തിലൂടെ നിശ്ചയിക്കുന്ന പ്രകാരമുള്ള പിഴ ചുമത്തുന്നതിനും നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾ പ്രകാരം ടൂറിസം കേന്ദ്രങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു.

18. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ആക്റ്റിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധത്തിൽ, ഉത്തരവ് വഴി, അത്തരം വൈഷമ്യം നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ടുവർഷത്തിനു ശേഷം അപ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഉത്തരവുകൾ സർക്കാർ, നിയമസഭമുമ്പാകെ വയ്ക്കേണ്ടതാണ്.

19. ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനു കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ, ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതി

പോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിന്റെ സാമ്പത്തിക അടിത്തറയിൽ ടൂറിസം വലിയ പങ്ക് വഹിക്കുന്നുണ്ടെങ്കിലും, ചില ഒറ്റപ്പെട്ട സംഭവങ്ങൾ (അമിത ചാർജ് ഈടാക്കൽ, ഹൗസ് ബോട്ടുകളിലെ മോശം സേവനം, സഞ്ചാരികളെ കബളിപ്പിക്കൽ) കേരളത്തിന്റെ "ദൈവത്തിന്റെ സ്വന്തം നാട്" എന്ന പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കുന്നു. കബളിപ്പിക്കപ്പെടുന്നവർക്ക് പരാതി നൽകി 48 മണിക്കൂറിനുള്ളിൽ (വിനോദസഞ്ചാരികളുടെ യാത്ര അവസാനിക്കുന്നതിന് മുൻപ്) പരിഹാരം ലഭിക്കുന്ന ശക്തമായ ഒരു നിയമം ആവശ്യമാണ്. ടൂറിസ്റ്റുകൾക്ക് നിയമപരമായ പരിരക്ഷ ഉറപ്പാക്കുന്നതിലൂടെ കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനും വിപണിയിലെ ആരോഗ്യകരമായ മത്സരം ഉറപ്പാക്കുന്നതിനും ഈ നിയമം അത്യന്താപേക്ഷിതമാണ്. ആയതിനാലാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

## ധനകാര്യമെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി പരാതി പരിഹാര അതോറിറ്റികളുടെ രൂപീകരണത്തിനും ഉദ്യോഗസ്ഥരുടെ നിയമനത്തിനുമായി സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ആവർത്തന-ആവർത്തനേതര ചിലവുകൾ പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 18-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടു കൂടിയതും ആകുന്നു. കൂടാതെ. അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏല്പിച്ച കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

കെ. കെ. രമ, എം എൽ. എ.